REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ജൻധൻ പദ്ധതി പത്തുവർഷം പൂർത്തിയാക്കുന്ന വേളയിൽ ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.**
- **ഡൽഹി മദ്യനയ കേസിൽ മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി അടുത്ത മാസം 3 വരെ നീട്ടി.**
- **ചലച്ചിത്ര താരങ്ങൾ ഉൾപ്പെടെ ഏഴ് പേർക്കെതിരെ ലൈംഗിക പീഡന പരാതി നൽകിയ നടിയിൽനിന്ന് പ്രത്യേക അന്വേഷണസംഘം കൊച്ചിയിൽ മൊഴിയെടുത്തു.**
- **വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി വിളിച്ച സർവകക്ഷിയോഗം നാളെ.**
- **ഇന്ന് മഹാത്മാ അയ്യങ്കാളിയുടെ 161-ാം ജയന്തി. സംസ്ഥാനത്തെങ്ങും ജയന്തി ആഘോഷങ്ങൾ.**
- **പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

ജൻധൻ പദ്ധതി പത്തുവർഷം പൂർത്തിയാക്കുന്ന വേളയിൽ ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. കോടിക്കണക്കിന് പേരെ പദ്ധതിയിലൂടെ ശാക്തീകരിക്കാനായെന്നും പദ്ധതി വിജയിപ്പിക്കാൻ അഹോരാത്രം പരിശ്രമിച്ച എല്ലാവരെയും അഭിനന്ദിക്കുന്നതായും പ്രധാനമന്ത്രി എക്സിൽ കുറിച്ചു. ദരിദ്രരെ

സാമ്പത്തികമായി ശാക്തീകരിക്കാനും അവർക്ക് മാന്യമായ ജീവിതം ഉറപ്പാക്കാനും പദ്ധതിയിലൂടെ സാധിച്ചുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഡൽഹി മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‍രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി അടുത്ത മാസം 3 വരെ നീട്ടി. തീഹാർ ജയിലിൽ നിന്ന് വിഡിയോ കോൺഫറൻസിങ് വഴിയാണ് കേജ്‍രിവാളിനെ ജഡ്ജിയ്ക്ക് മുന്നിൽ ഹാജരാക്കിയത്.

അറസ്റ്റിനെ ചോദ്യം ചെയ്ത്  കെജ്രിവാൾ സമർപ്പിച്ച  ഹർജി തള്ളണമെന്ന് ആവശ്യപ്പെട്ട CBI,  ആം ആദ്മി പാർട്ടി മേധാവി വിഷയം രാഷ്ട്രീയവല്കരിക്കാൻ ശ്രമിക്കുകയാണെന്ന് ബോധിപ്പിച്ചു .

കേജ്‍രിവാളിന്റെ ജാമ്യാപേക്ഷയും CBI യുടെ അറസ്റ്റിനെ ചോദ്യം ചെയ്യുന്ന ഹർജിയും  അടുത്തമാസം 5-ന് സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വരുന്നുണ്ട്.

✪✪✪

പശ്ചിമ ബംഗാളിൽ BJP യുടെ 12 മണിക്കൂർ ബന്ദിന് സമ്മിശ്ര പ്രതികരണം. നിരത്തുകളിൽ കാര്യമായ ഗതാഗതമില്ല. കടകളും സ്കൂളുകളും കോളജുകളും ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്.  ഹൂഗ്ലിയിൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. നന്ദിഗ്രാമിലും ആലിപ്പൂർ ദ്വാറിലും സമരക്കാർ റോഡ് ഉപരോധിച്ചതിനെ തുടർന്ന് ഗതാഗതം സ്തംഭിച്ചു.

RG കർ മെഡിക്കൽ കോളേജിലെ PG വനിതാ ഡോക്ടർ പീഡനത്തിനിരയായി മരിച്ച സംഭവത്തിൽ, വിദ്യാർത്ഥി റാലിയ്ക്ക് നേരെയുണ്ടായ പൊലീസ് അതിക്രമത്തിൽ പ്രതിഷേധിച്ചാണ് ബന്ദ്.

✪✪✪

ഓസ്ട്രേലിയയിൽ അടുത്തവർഷം ആകെ രണ്ട് ലക്ഷത്തി 70,000 വിദേശ വിദ്യാർഥികൾക്ക് മാത്രമേ പ്രവേശനം നൽകൂവെന്ന് വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.  ഉന്നത വിദ്യാഭ്യാസ - തൊഴിലധിഷ്ഠിത കോഴ്സുകൾ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യൻ വിദ്യാർഥികളെ, പ്രത്യേകിച്ച് പഞ്ചാബിൽനിന്ന് ഉന്നത വിദ്യാഭ്യാസത്തിന് ശ്രമിക്കുന്നവരെ ഈ നടപടി ദോഷകരമായി ബാധിക്കുമെന്നാണ് വിലയിരുത്തൽ. വിദേശ വിദ്യാർഥികളുടെ വരവിനെത്തുടർന്ന് വീട്ടുവാടക വൻതോതിൽ ഉയർന്നതാണ് നിയന്ത്രണത്തിന് കാരണമെന്ന് ഓസ്ട്രേലിയൻ കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

ചലച്ചിത്ര താരങ്ങൾ ഉൾപ്പെടെ ഏഴ് പേർക്കെതിരെ ലൈംഗിക ആരോപണ പരാതി നൽകിയ നടിയിൽനിന്ന്  പൊലീസിന്റെ പ്രത്യേക അന്വേഷണസംഘം കൊച്ചിയിലെ ഫ്ലാറ്റിലെത്തി മൊഴിയെടുത്തു. DIG അജിത ബീഗത്തിന്റെ നേതൃത്വത്തിലാണ് അന്വേഷണ സംഘമെത്തിയത്.

നാല്  താരങ്ങൾക്ക് പുറമെ രണ്ട് പ്രൊഡക്ഷൻ കൺട്രോളർമാർ, അഭിഭാഷകൻ എന്നിവർക്കെതിരെയാണ് നടിയുടെ പരാതി.

✪✪✪

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ചിലരെ രക്ഷിക്കാൻ ഗവണ്മെന്റ് നടത്തുന്ന ഒളിച്ചുകളിയാണ് സാഹചര്യം വഷളാക്കിയതെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ പറഞ്ഞു. സിനിമാരംഗത്തെ എല്ലാവരും പ്രശ്നക്കാരല്ല. കുറ്റവാളികളെ സംരക്ഷിക്കാൻ ശ്രമിക്കുമ്പോൾ കുറ്റം ചെയ്യാത്തവർകൂടി അപമാനിക്കപ്പെടുകയാണെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയും മന്ത്രിമാരും വിഷയത്തിൽ കുറ്റകരമായ മൗനം പാലിക്കുകയാണ്. റിപ്പോർട്ടിന്മേൽ ഗവണ്മെന്റ് എന്തുകൊണ്ടാണ് അന്വേഷണത്തിന് തയ്യാറാകാത്തതെന്ന് സതീശൻ മലപ്പുറത്ത് ചോദിച്ചു.

✪✪✪

സിനിമ മേഖലയിൽ  സുരക്ഷിത തൊഴിൽ അന്തരീക്ഷവും തൊഴിലിടവും സൃഷ്ടിക്കുന്നതിൽ താരസംഘടന ഉൾപ്പെടെ ചലച്ചിത്ര സംഘടനകൾ പരാജയപ്പെട്ടതായി മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ അഭിപ്രായപ്പെട്ടു. അധികാരത്തിന്റെ മറവിൽ ഏതാനും ആൾക്കാർ സ്ത്രീകളെയടക്കം ദുരുപയോഗം ചെയ്യുകയാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി. കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കാൻ ഗവണ്മെന്റ് മുഖംനോക്കാതെ നടപടിയെടുക്കണമെന്ന് രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു.

✪✪✪

ഗവണ്മെന്റ് നടത്താനിരിക്കുന്ന ചലച്ചിത്ര കോൺക്ലേവ് മാറ്റി വെയ്ക്കണമെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ ആവശ്യപ്പെട്ടു. ആരോപണ വിധേയനായ മുകേഷിനെ ചോദ്യം ചെയ്യണമെന്നും അദ്ദേഹം രാജിവെയ്ക്കണമെന്നും സുരേന്ദ്രൻ പത്തനംതിട്ടയിൽ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

✪✪✪

സിനിമ നയരൂപീകരണ സമിതിയിൽ നിന്ന് ഫെഫ്ക ജനറൽ സെക്രട്ടറി B.ഉണ്ണികൃഷ്ണനെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട്  മുഖ്യമന്ത്രിക്ക് സംവിധായകൻ വിനയൻ കത്തയച്ചു. കോമ്പറ്റീഷൻ കമ്മിറ്റിയുടെ ശിക്ഷ നേരിട്ട സാഹചര്യത്തിലാണ് ഉണ്ണികൃഷ്ണനെതിരെ കത്ത് നൽകിയത്.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച സർവകക്ഷിയോഗം നാളെ ചേരും. നാളെ വൈകിട്ട് ഓൺലൈനായാണ് യോഗം.

✪✪✪

നിയമസഭയുടെ പരിസ്ഥിതി സമിതി നാളെയും മറ്റന്നാളും കോഴിക്കോട്, വയനാട് ജില്ലകളിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തും. നാളെ രാവിലെ വിലങ്ങാട്ടെ ഉരുൾപൊട്ടൽ മേഖല നേരിൽ കണ്ടശേഷം സമിതി ഉച്ചക്ക് നാദാപുരം റസ്റ്റ് ഹൗസിൽ യോഗം ചേരും.

✪✪✪

ഇന്ന് മഹാത്മാ അയ്യങ്കാളിയുടെ 161-ാം ജയന്തി. അയ്യങ്കാളിയുടെ ജന്മനാടായ വെങ്ങാനൂരിൽ വിവിധ പരിപാടികളോടെ ജയന്തി ആഘോഷം ആരംഭിച്ചു. അടുത്തമാസം 16 വരെ നീളുന്ന വിപുലമായ ആഘോഷ പരിപാടികളാണ് വെങ്ങാനൂരിൽ സംഘടിപ്പിച്ചിരിക്കുന്നത്.

നീതിയും സമത്വവും പുലരുന്ന സമൂഹം സൃഷ്ടിക്കാൻ മനുഷ്യരാശിയെ പ്രചോദിപ്പിക്കുകയും ആദർശങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്ത സാമൂഹ്യ പരിഷ്ക്കർത്താവായിരുന്നു മഹാത്മാ അയ്യങ്കാളിയെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ പറഞ്ഞു. അദ്ദേഹത്തിന്റെ ആത്മീയ തത്വങ്ങൾ വികസിത ഭാരതത്തിന്റെ സാമൂഹ്യ പരിവർത്തനത്തിന് വഴികാട്ടിയായി നിലനിൽക്കുമെന്ന് അമിത്ഷാ എക്സിൽ കുറിച്ചു.

ജാതി മേൽക്കോയ്മയ്ക്കെതിരെ സ്വജീവിതം കൊണ്ട് പടവെട്ടിയ വിപ്ലവകാരിയായിരുന്നു അയ്യങ്കാളിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഫെയ്സ്ബുക്കിൽ കുറിച്ചു. തിരുവിതാംകൂറിലെ അടിച്ചമർത്തപ്പെട്ട ജനതയ്ക്ക്

സഞ്ചാര സ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസത്തിനും മാന്യമായ കൂലിയ്ക്കും വേണ്ടി പോരാടാൻ ഊർജം നൽകിയത് അയ്യങ്കാളിയായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു.

ജയന്തി ആഘോഷങ്ങളോടനുബന്ധിച്ച് തിരുവനന്തപുരം വെള്ളയമ്പലത്തെ അയ്യങ്കാളി പ്രതിമയിൽ രാവിലെ മന്ത്രി O.R കേളു പുഷ്പാർച്ചന നടത്തി.

✪✪✪

താമരശേരി ചുരത്തിലെ മൂന്ന്  ഹെയർപിൻ വളവുകൾ വികസിപ്പിക്കുന്നതിന് സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെടുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് കോഴിക്കോട്ട് അറിയിച്ചു. കൽപ്പറ്റ ബൈപ്പാസ് നാലുവരി ആയി വികസിപ്പിക്കുന്ന പദ്ധതിയ്ക്ക്  അനുമതി നേടാനും പൊതുമരാമത്ത് വകുപ്പ് ഇടപെടൽ നടത്തും.

✪✪✪

പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കമാകും. ഇന്ത്യൻ സമയം രാത്രി 11.30 ന് ഉദ്ഘാടന ചടങ്ങുകൾ ആരംഭിക്കും. സെപ്റ്റംബർ എട്ട് വരെയാണ് കായിക മത്സരങ്ങൾ. പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിൽ 84 അത്-ലറ്റുകളുണ്ട്.

ഉദ്ഘാടന ചടങ്ങിൽ സുമിത് അന്തിലും ഭാഗ്യശ്രീ ജാദവും ഇന്ത്യൻ പതാകയേന്തും. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി മത്സരിക്കുന്നുണ്ട്.

✪✪✪

ICC വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ മത്സരിക്കുന്ന 15 അംഗ ഇന്ത്യൻ ടീമിനെ BCCI പ്രഖ്യാപിച്ചു. ഹർമൻപ്രീത് കൗറാണ് ക്യാപ്റ്റൻ -  സ്മൃതി മന്ദാന വൈസ് ക്യാപ്റ്റൻ. ഒക്ടോബർ മൂന്ന്  മുതൽ 20 വരെയാണ് UAE-യിൽ ലോകകപ്പ് മത്സരങ്ങൾ.

✪✪✪

അന്താരാഷ്ട്ര ക്രിക്കറ്റ് കമ്മറ്റി ചെയർമാനായി ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ഓണററി സെക്രട്ടറി ജെയ്ഷായെ തെരഞ്ഞെടുത്തു. ഡിസംബർ

ഒന്നിന് അദ്ദേഹം സ്ഥാനമേൽക്കും. ഈ പദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് 35 കാരനായ ജെയ്ഷാ.

ഒളിമ്പിക്മോഡൽ സ്കൂൾ കായിക മത്സരങ്ങളുടെ  ഭാഗമായി കാസർഗോഡ് ജില്ലയിലെ പ്രഥമ സ്കൂൾ ഒളിമ്പിക്സ് നാളെ ആരംഭിക്കും. 41 കായിക ഇനങ്ങളിൽ 15,000 ത്തോളം കുട്ടികളാണ് ജില്ലാ മത്സരത്തിൽ പങ്കെടുക്കുന്നത്. നാളെയും 30,31,സെപ്തംബർ രണ്ട് തീയ്യതികളിലും 15 കായിക മത്സരങ്ങൾ നടത്തും. തുടർന്ന് ഓണാവധിയിലും അവധി കഴിഞ്ഞുമായി മത്സരങ്ങൾ പൂർത്തിയാകും.

✪✪✪

ഇന്നലെ അന്തരിച്ച ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ മോഹന്റെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ കൊച്ചി രവിപുരം ശ്മശാനത്തിൽ നടത്തി.

മലയാള സിനിമാരംഗത്ത് കലാമൂല്യവും ജനപ്രിയതയും ഒത്തുചേർന്ന നിരവധി ചിത്രങ്ങളുടെ സംവിധായകനാണ് മോഹൻ.

✪✪✪

എറണാകുളം ജില്ലാ പഞ്ചായത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ ഒക്കൽ ഫാം ഫെസ്റ്റ് നാളെ മന്ത്രി P. പ്രസാദ് ഉദ്ഘാടനം ചെയ്യും.

സെമിനാറുകൾ, ഡോക്യുമെന്ററി പ്രദർശനം, മഡ് ഫുട്ബാൾ, വടംവലി എന്നിവ ഫെസ്റ്റിന്റെ ഭാഗമായി നടക്കും. ശനിയാഴ്ച സമാപന സമ്മേളനം മന്ത്രി P.രാജീവ് ഉദ്ഘാടനം ചെയ്യും.

✪✪✪

പാസ്പോർട്ട് സേവാ സംവിധാനത്തിന്റെ നവീകരണം  മൂലം  നാളെ മുതൽ അടുത്ത തിങ്കളാഴ്ച വരെ പാസ്പോർട്ട് സേവാ പോർട്ടൽ ലഭ്യമാകില്ലെന്ന് തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസ് അറിയിച്ചു.

പാസ്‌പോർട്ട് സേവാ കേന്ദ്രം, പോസ്റ്റ് ഓഫീസ് പാസ്‌പോർട്ട് സേവാ കേന്ദ്രം എന്നിവിടങ്ങളിൽ മറ്റന്നാൾ അപ്പോയിന്റ്മെന്റ് ലഭിച്ച അപേക്ഷകർക്ക് മറ്റ് ദിവസങ്ങളിലായി അപ്പോയിന്റ്മെന്റ് ലഭിക്കും. പുനഃക്രമീകരിച്ച തീയതി SMS അല്ലെങ്കിൽ ഇ-മെയിൽ വഴി അറിയിക്കും.

✪✪✪

സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. നാളെ കോഴിക്കോട്ടും കണ്ണൂരും ഓറഞ്ചു ജാഗ്രതയും എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

✪✪✪

കർണാടകയിലെ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുന് വേണ്ടി തെരച്ചിൽ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് കുടുംബം ഇന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയെ കാണും. M.K രാഘവൻ MP, AKM അഷ്റഫ് MLA, കാർവാർ MLA സതീഷ് കൃഷ്ണ സെയിൽ, എന്നിവർക്കൊപ്പം അർജ്ജുന്റെ സഹോദരീ ഭർത്താവാണ് മുഖ്യമന്ത്രിയെ കാണുന്നത്.

✪✪✪

സ്വർണ്ണവില ഇന്ന് പവന് 160 രൂപ കൂടി 53,720 ലെത്തി. 6,715 രൂപയാണ് ഗ്രാമിന് വില.

✪✪✪

കോഴിക്കോട് തിരുവമ്പാടിയിൽ കാറിൽ കടത്താൻ ശ്രമിച്ച 6 ഗ്രാമിലേറെ MDMA യുമായി രണ്ടുപേർ പിടിയിലായി. മുഹമ്മദ് ഡാനിഷ്, ജിൻഷ എന്നിവരാണ് പിടിയിലായത്.

✪✪✪

आकाशवाणी

കേരള  സാക്ഷരതാ മിഷന്റെ ചങ്ങാതി പദ്ധതിയിൽ കാസർകോട് ജില്ലയിലെ 51 അതിഥി തൊഴിലാളികൾ മലയാളം പഠിച്ച് പരീക്ഷ എഴുതി.  UP, അസം, സ്വദേശികളാണ് മലയാളം പഠിച്ചത്.

✪✪✪